പീച്ചി ജലനികുതി.

* 183. [75] ശ്രീ. ജോസഫ് മുണ്ടശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി ജലനികുതി ചുമത്തുന്നതു് എന്തു് അടിസ്ഥാനത്തിലാണെന്നു പറയാമോ;

(ബി) കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി ചുമത്തിയിട്ടുള്ളതും, ബഹു ഭൂരിഭാഗം കൃഷിക്കാർ അടച്ചിട്ടില്ലാത്തതുമായ പീച്ചി ജലനികുതി ഉൽപ്പന്നങ്ങളുടെ വിലയിടിവിനെയും മറ്റും പരിഗണിച്ചു് ഇളവുചെയ്തു കിട്ടുവാൻ ഗവണ്മെൻറിലേയ്ക്കു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അക്കാര്യത്തിൽ എന്തു നടപടി എടുത്തു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 9-2-54-ലെ P. W. M. 3-1470|52|P. W. C. നമ്പർ ഗവണ്മെൻറ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ.

(ബി) ഉണ്ടു്.

(സി) ഏക്കർ ഒന്നിനു് 6 രൂപ നിരക്കിൽ വെള്ളക്കരം ചുമത്തുന്നതിനാണു മുൻപു് തീരുമാനിച്ചിരുന്നതു്. അതിന്മേലുള്ള പരാതികളുടെ അടിസ്ഥാനത്തിൽ പിരിവു നിറുത്തി വയ്ക്കുകയും, നികുതിനിരക്കു് പുനഃപരിശോധന ചെയ്യുകയും ചെയ്തു. അതനുസരിച്ചു് ഒരുപ്പു നിലങ്ങൾക്കു് ഏക്കർ ഒന്നിനു 5 രൂപ നിരക്കായി കുറവുചെയ്തു് കണ്ഫർമ്മ് ചെയ്തിയിട്ടുണ്ടു്.

ജൂഡിഷ്യറി-എക്സിക്യൂട്ടീവ് വിഭജനത്തെ തുടർന്നുള്ള മാറ്റങ്ങൾ.

* 184. [76] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂഡിഷ്യറി-എക്സിക്യൂട്ടീവ് വിഭജനത്തെ തുടർന്നു റവന്യൂ ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫിനെ മജിസ്ട്രേട്ടുകോടതികളിലേയ്ക്കു് മാറ്റി നിയമിച്ചതു് എന്തടിസ്ഥാനത്തിലാണു്;

(ബി) സീനിയോറിറ്റി അവഗണിച്ചുകൊണ്ടു കൊല്ലം ഡിസ്ട്രിക്ട് കളക്ടർ മാറ്റം നടത്തിയിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാറ്റം നടത്തിയതിലുള്ള ക്രമക്കേടുകൾ കാണിച്ചുകൊണ്ടു് റവന്യൂഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പരാതി ബോധിപ്പിച്ചതു ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുവാൻ കൊല്ലം ഡിസ്ട്രിക്ട് കളക്ടർ വിസമ്മതിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുവാൻ ഉദ്യോഗസ്ഥന്മാർ നൽകുന്ന പരാതികൾ ഗവണ്മെൻറിലേയ്ക്കു് അയയ്ക്കരുതെന്നു ഡിസ്ട്രിക്ട് കളക്ടർക്കു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) വിഭജനം മൂലം ആഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടു് കൂടുതൽ സ്റ്റാഫിനെ

LIBRARY ARCHIVES Kerala Legislative Assembly